## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3722 — 17.12.2015-ലെ മറുപടിക്ക്

### പ്രതിപക്ഷ നേതാവിന്റെ മകനെതിരെയുള്ള വിജിലൻസ് അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>,, പി.സി വിഷ്ണുനാഥ്<br>,, ജോസഫ് വാഴയ്ക്കൻ<br>,, ബെന്നി ബെഹനാൻ : | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) പ്രതിപക്ഷനേതാവിന്റെ മകൻ ശ്രീ. വി.എ. അരുൺകുമാറിനെതിരെ കഴിഞ്ഞ അഞ്ച് വർഷത്തെ വിദേശയാത്ര, സ്വത്ത് എന്നിവ സംബന്ധിച്ച ആരോപണങ്ങളിന്മേൽ വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ പൂർണ്ണ വിവരം വ്യക്തമാക്കുമോ ;<br>(ബി) ശ്രീ. വി.എ. അരുൺകുമാറിന്റെ സാമ്പത്തിക സ്രോതസ്സ് സംബന്ധിച്ച ആരോപണത്തെ കുറിച്ച് വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ പൂർണ്ണവിവരം വ്യക്തമാക്കുമോ;<br>(സി) ചെറി എന്റർപ്രൈസസ് എന്ന സ്ഥാപനവുമായി ശ്രീ. വി.എ, അരുൺ കുമാറിന്റെ ബിസിനസ് ബന്ധങ്ങൾ സംബന്ധിച്ച് വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ പൂർണ്ണവിവരം ലഭ്യമാക്കുമോ ; | (എ) (ബി) & (സി) മുൻ പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻചാണ്ടി 01.03.2011-ൽ അന്നത്തെ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പ്രസ്തുത ആരോപണങ്ങൾ സംബന്ധിച്ച പരാതികളിന്മേൽ ജി.ഒ (എം.എസ്) 19/2011/വിജി തീയതി 16.06.2011 പ്രകാരം ഉത്തരവിട്ട വിജിലൻസ് അന്വേഷണം, വി.ഇ.04/2011/എസ്.സി.ടി എന്ന നമ്പറിൽ തിരുവനന്തപുരം വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ സെൽ പോലീസ് സൂപ്രണ്ട് ഓഫീസിൽ പുരോഗമിച്ചുവരുന്നു. |
| (ഡി) ശ്രീ. വി.എ. അരുൺ കുമാർ, ശ്രീ. ദീപ്തി പ്രസേനൻ എന്നിവർ ചതുപ്പ് നിലം നികത്തുവാൻ സഹായിക്കാമെന്ന് പറഞ്ഞ് പണം വാങ്ങി ചതിച്ചത് സംബന്ധിച്ച് സന്തോഷ് മാധവൻ | (ഡി) സന്തോഷ് മാധവൻ പൂജപ്പുര ജയിൽ സൂപ്രണ്ട് മുഖേന മുഖ്യമന്ത്രി ശ്രീ.ഉമ്മൻ ചാണ്ടിക്ക് സമർപ്പിച്ച പരാതിയിന്മേൽ വി.ഇ.20/2011/എസ്.ഐ.യു-II നമ്പരായി നടത്തിയ വിജിലൻസ് അന്വേഷണത്തിലെ റിപ്പോർട്ടിൻെറ |

പൂജപ്പുര ജയിൽ സൂപ്രണ്ട് മുഖേന മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിക്ക് സമർപ്പിച്ച പരാതിയിന്മേൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് തയ്യാറായ 20.09.2011 ലെ 7967/ഇ3/2011/വിജി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള വിജിലൻസ് അന്വേഷണത്തിന്റെ പൂർണ്ണവിവരം ലഭ്യമാക്കുമോ ?

അടിസ്ഥാനത്തിൽ, പോലീസ് ക്രൈം കേസ് രജിസ്റ്റർ ചെയ്ത് ആഭ്യന്തര വകുപ്പിൻെറ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. ടി കേസ് 14/7/14 മുതൽ ക്രൈം ബ്രാഞ്ച് സി.ഐ.ഡി സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം, കോട്ടയം യൂണിറ്റിൽ അന്വേഷണം നടത്തിവരുന്നതും ആയത് പുരോഗമിച്ചു വരുന്നതുമാണ്.

സെക്ഷൻ ഓഫീസർ